ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ 7 പഞ്ചായത്തുകളിലുമായി ആകെ 71 റേഷൻകടകൾ ഉണ്ട്. ഓരോ പഞ്ചായത്തിലേയും കടകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര്	റേഷൻ കടകളുടെ എണ്ണം
എലത്തൂർ	11
തലക്കുളത്തൂർ	10
നന്മണ്ട	9
അത്തോളി	11
ഉള്ളിയേരി	12
ബാലുശ്ശേരി	9
പനങ്ങാട്	9

(ബി) ഓരോ കടയിലെയും റേഷൻ കാർഡുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര നിർണ്ണയം

69 [2686] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. ശ്രീമതി ഉഷാ അഗർവാൾ സമർപ്പിച്ച പരാതിയിൻമേൽ സാമ്പിളുകൾ പരിശോധിക്കുമ്പോൾ മാനേജർ ക്വാളിറ്റി കൺട്രോൾ നേതൃത്വം നൽകുന്ന ചുരുങ്ങിയത് അഞ്ചു പേരെങ്കിലും ഉൾപ്പെട്ട ഒരു ക്വാളിറ്റി കൺട്രോളർ മാരുടെ കമ്മിറ്റിയുടെ തീരുമാനമാണ് അന്തിമം എന്ന് വിധിയുണ്ടായി. സാമ്പിളുകൾ ടെണ്ടറിനോടൊപ്പം ഉള്ളപ്പോഴെല്ലാം പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാമ്പിൾ പരിശോധന

70 [2687] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണ നിലവാരത്തെ സംബന്ധിച്ചും ടെണ്ടറിൽ സമർപ്പിക്കുന്ന സാമ്പിളുകൾ പരിശോധി ക്കേണ്ട രീതികളെക്കുറിച്ചും 2003-ജൂൺ 2-ന് കേരള ഹൈക്കോടതി ഒ. പി. നമ്പർ 14879/03-നുള്ള വിധിന്യായത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത ഉത്തരവിൽ അഞ്ചുപേരടങ്ങുന്ന വിദഗ്ധ കമ്മിറ്റി രൂപീകരി ക്കണമെന്നും മാനേജർ, ക്വാളിറ്റി കൺട്രോളറുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലു മായിരിക്കണം സാമ്പിൾ പരിശോധന കമ്മിറ്റി രൂപീകരിക്കേണ്ടതെന്നും ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ ഹൈക്കോടതിയുടെ ഉത്തരവിന് കോർപ്പറേഷൻ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ;

(ഡി) സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ വേണ്ടി സാമ്പിളുകൾ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്ന ടെണ്ടർ നിബന്ധനയിലെ 6-ാം വകുപ്പ് 22-1-2005-ലെ ടെണ്ടർ നിബന്ധനകളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) 2005 ജനുവരി, ഫെബ്രുവരി മാസത്തെ ടെണ്ടറുകളിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ വേണ്ടി നടത്താറുള്ള സാമ്പിൾ പരിശോധന നടത്തിയിട്ടുണ്ടോ;

(എഫ്) 2001 ജനുവരി മാസം മുതൽ 2004 നവംബർ മാസം വരെയുള്ള കാലയളവിൽ ടെണ്ടറിനോടൊപ്പം സാമ്പിൾ പരിശോധന നടത്തിയിട്ടുണ്ടോ;

(ജി) സാമ്പിൾ പരിശോധന ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുമുൻപ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെയോ ഗവൺമെന്റിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരുന്നോ, എങ്കിൽ ആരുടേത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly